# Envoys of four Nations present Credentials to the President of India

October 26, 2021

**നാല് രാഷ്ട്രങ്ങളുടെ പ്രതിനിധികൾ ഇന്ത്യൻ രാഷ്ട്രപതിക്ക് യോഗ്യത പത്രങ്ങൾ സമർപ്പിക്കുന്നു**

ഒക്ടോബർ 26, 2021
ഇന്ത്യൻ രാഷ്ട്രപതി ശ്രീ രാം നാഥ് കോവിന്ദ് ഇന്ന് (ഒക്ടോബർ 26, 2021) രാഷ്ട്രപതിഭവനിലെ അശോക് ഹാളിൽ നടന്ന ചടങ്ങിൽ വെച്ച് ഗ്രാൻഡ് ഡച്ചി ഓഫ് ലക്സംബർഗ്, റിപ്പബ്ലിക് ഓഫ് സ്ലോവേനിയ, ഇസ്രായേൽ, അറബ് റിപ്പബ്ലിക്ക് ഓഫ് ഈജിപ്ത് എന്നീ രാഷ്ട്രങ്ങളുടെ അംബാസഡർമാരിൽ നിന്ന് യോഗ്യതാപത്രങ്ങൾ സ്വീകരിച്ചു. കോവിഡ് -19 പകർച്ചവ്യാധിയ്ക്കു ശേഷം നേരിട്ട് നടക്കുന്ന നടക്കുന്ന ആദ്യ പരിപാടിയാണിത്. ഇനിപ്പറയുന്നവരാണ് തങ്ങളുടെ യോഗ്യതാപത്രങ്ങൾ ഹാജരാക്കിയത്:

1.മിസ് പെഗ്ഗി ഫ്രാന്റ്സെൻ അംബാസഡർ, ഗ്രാൻഡ് ഡച്ചി, ലക്സംബർഗ്
2.മിസ്. മതേജ വോഡെബ് ഘോഷ്,അംബാസഡർ
റിപ്പബ്ലിക് ഓഫ് സ്ലോവേനിയ
3. ശ്രീ. നൗർഗിലോൺ, അംബാസഡർ, ഇസ്രായേൽ
4. ശ്രീ. വേയ്ൽ മുഹമ്മദ് അവദ് ഹമദ്, ഈജിപ്റ്റ് , അറബ് , റിപബ്ലിക്ക്

യോഗ്യത പത്രങ്ങൾ സമർപ്പിച്ചതിനു ശേഷം രാഷ്ട്രപതി നാല് അംബാസഡർമാരുമായി പ്രത്യേകം ആശയവിനിമയം നടത്തി. പ്രത്യേക പ്രതിനിധികളെ അവരുടെ നിയമനത്തിൽ അഭിനന്ദിച്ച രാഷ്ട്രപതി, ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിലും സുഹൃദ് ജനതയുടെ ക്ഷേമത്തിനും പുരോഗതിക്കും സമൃദ്ധിക്കും വിജയാശംസകൾ നേരുകയും ചെയ്തു. തന്റെ ആശയവിനിമയ വേളയിൽ, രാഷ്ട്രങ്ങളുമായി ഇന്ത്യയുടെ സഹകരണവും വിവിധ മേഖലകളിലുള്ള ബന്ധവും രാഷ്ട്രപതി എടുത്തുപറഞ്ഞു.

അംബാസഡർമാർ മുഖേന, രാഷ്ട്രപതി അവരുടെ നേതൃത്വങ്ങൾക്ക് വ്യക്തിപരമായ ആശംസകളും അറിയിച്ചു. ചടങ്ങിൽ പങ്കെടുത്ത അംബാസഡർമാർ ഇന്ത്യയുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന് സഹകരണത്തോടെ പ്രവർത്തിക്കാനുള്ള പ്രതിജ്ഞാബദ്ധത ആവർത്തിച്ചു പ്രഖ്യാപിച്ചു.

ന്യൂ ഡൽഹി
ഒക്ടോബർ 26, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.